**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1260** **27-07-2021 - ൽ മറുപടിയ്ക്ക്**

**സീ അഷ്ടമുടി ടൂറിസം ബോട്ട് സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച സീ അഷ്ടമുടി പാസഞ്ചർ കം ടൂറിസം ബോട്ട് സർവ്വീസിന് ആവശ്യമായ ബോട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടും സർവ്വീസ് ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ ; പ്രസ്തുത സർവ്വീസ് ഉടൻ ആരംഭിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ? | (എ) | കൊല്ലം ജില്ലയിൽ അഷ്ടമുടിക്കായലിന്റെ സൗന്ദര്യം ആസ്വദിക്കുന്നതിനായി സാധാരണ യാത്രക്കാർക്കും, ടൂറിസ്റ്റുകൾക്കും ഒരുപോലെ ഉപകാരപ്പെടുന്ന രീതിയിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന രണ്ട് ഡെക്കുകൾ ഉള്ള സീ-അഷ്ടമുടി പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ടി ബോട്ടുകളുടെ 6 നിർമ്മാണ ഘട്ടങ്ങളിൽ 5-ാം ഘട്ട നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. കൊല്ലം മേഖലയിൽ ടി ബോട്ട് എത്തിച്ചതിനുശേഷമുള്ള ഇന്റീരിയർ വർക്കുകളാണ് ഇനി ചെയ്യുവാനുള്ളത്. ആയതു കൂടി പൂർത്തീകരിച്ച് കാലതാമസം കൂടാതെ ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ